# കേരള സർവകലാശാല

നം.പി.ആർ.133/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പ്രാക്ടിക്കൽ

2018 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ (വയലിൻ) പരീക്ഷയുടെ പ്രാക്ടിക്കൽ 2019 ജൂലൈ 9 മുതൽ 11 വരെ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

ജൂലൈ 8 ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബി.ടെക് ഡിഗ്രി ജൂലൈ 2019 (2013 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2019 ജൂലൈയിൽ നടക്കുന്ന റെഗുലർ ബി.ടെക് ആറാം സെമസ്റ്റർ (2008 സ്കീം) കോഴ്സ് കോഡിൽ വരുന്ന ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് ആറ്, നാല് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## മേഴ്സിചാൻസ്

2019 ജൂൺ 24 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സര എൽ.എൽ.ബി) പരീക്ഷകൾക്ക് 2012 – 2015 ബാച്ചിലെ വിദ്യാർത്ഥികൾക്ക് മേഴ്സിചാൻസ് അനുവദിച്ചു. ജൂൺ 23 വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 1 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

മൂന്നാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) ജനുവരി 2019 സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജൂലൈ 10 വരെ അപേക്ഷിക്കാം. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

## സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന എം.കോം നാലാം സെമസ്റ്റർ കൊല്ലം സെന്ററിലെ ക്ലാസുകൾ ജൂൺ 22 മുതൽ ആരംഭിക്കുന്നതാണ്.

## പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാം

സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലേയ്ക്ക് എം.ഫിൽ അഡ്മിഷനു വേണ്ടിയുളള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. ജൂലൈ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## തീസിസ് സമർപ്പിക്കാം

2019 ജൂലൈയിൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എ.എസ്.എൽ.പി സി.ബി.സി.എസ്.എസ് സ്ട്രീം പരീക്ഷയുടെ തീസിസ് സമർപ്പിക്കുവാനുളള അവസാന തീയതി ജൂലൈ 5.

## ഫയൽ അദാലത്ത്

സർവകലാശാലയിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി 17.07.2019 ന് ഫയൽ അദാലത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ അദാലത്തിലേയ്ക്ക് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പ്രിൻസിപ്പൽമാർ, മാനേജർമാർ എന്നിവരിൽ നിന്നും പരാതികൾ 05.07.2019 വരെ ഓൺലൈനായി സ്വീകരിക്കുന്നതാണ്. ഇതിനായി കേരള യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ (www.keralauniversity.ac.in) പ്രത്യേക ലിങ്ക് ഓപ്പൺ ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാവരും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അറിയിക്കുന്നു.

## യോഗദിനം ആചരിച്ചു

സർവകലാശാലയുടെ സംസ്കൃത വിഭാഗത്തിൽ ജൂൺ 21 ന് അന്തർദേശീയ യോഗദിനം ആചരിച്ചു. അതുസംബന്ധിച്ച് സെമിനാർ ഹാളിൽ കൂടിയ യോഗത്തിൽ ഡോ.വി.ശിശുപാലപണിയ്ക്കർ യോഗദർശനത്തിന്റെ പ്രാധാന്യം വിശദീകരിച്ചുകൊണ്ട് യോഗദിനാചരണം ഉദ്ഘാടനം ചെയ്തു. വിഭാഗാദ്ധ്യക്ഷ ഡോ.സി.എ ഷൈല അദ്ധ്യക്ഷത വഹിച്ചു. ശ്രീ.ജയശങ്കർ, ഡോ.എൽ ഗായത്രീ ദേവി എന്നിവർ യോഗത്തിൽ സംസാരിച്ചു. തുടർന്ന് കുമാരി എസ്.കൃഷ്ണപ്രിയ യോഗ ഡെമോൺസ്ട്രേഷൻ നടത്തുകയും വിശദീകരണങ്ങൾ നൽകുകയും ചെയ്തു. പ്രാണയാമത്തിന്റെ വിവിധഘട്ടങ്ങളെക്കുറിച്ചും വിശദീകരിച്ചു.

## ഹിന്ദി പൂർവ്വ വിദ്യാർത്ഥി സംഗമം

കാര്യവട്ടത്തുളള ഹിന്ദി വിഭാഗത്തിൽ ജൂൺ 22 ന് രാവിലെ 10.30 ന് പൂർവ്വ വിദ്യാർത്ഥി സംഗമം സംഘടിപ്പിക്കുന്നു. എല്ലാ പൂർവ്വ വിദ്യാർത്ഥികളും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

<u>**അഭിമുഖം**</u>

സർവകലാശാലയുടെ കീഴിലുള്ള വിവിധ യു.ഐ.ടി കളിലേയ്ക്ക് കരാറടിസ്ഥാനത്തിൽ ലൈബ്രറി അസിസ്റ്റന്റുമാരെ തെരഞ്ഞെടുക്കുന്നതിലേയ്ക്കായുള്ള അഭിമുഖം ജൂൺ 24, 25 തീയതികളിൽ രാവിലെ 10.00 മണിയ്ക്ക് പാളയം സർവകലാശാല ക്യാമ്പസിൽ വെച്ച് നടത്തുന്നു. അഭിമുഖത്തിന് പങ്കെടുക്കുവാനായി മെമ്മോയും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ ഒറിജിനലുകളുമായി മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

തിരുവനന്തപുരം,

21–06–2019



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**